(ബി) എങ്കിൽ എവിടെയാണ് ഇത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഒരു വർഷം എത്ര പേർക്കാണ് ഇവിടെ പ്രവേശനം നൽകാൻ ഉദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത സംരംഭത്തിന് ഏതെങ്കിലും ഏജൻസികളുടെ സഹായം ലഭ്യമായിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. ഈ ആവശ്യത്തിനായി കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ ഒരു ബിൽഡിംഗ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ടി സ്ഥാപനം തിരുവനന്തപുരം ജില്ലയിൽ ബാലരാമപുരത്ത് പൂട്ടിക്കിടക്കുന്ന ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ വക കെട്ടിടത്തിലാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത കെട്ടിടം ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അത് ലഭ്യമാകുന്നതുവരെ നിർദ്ദിഷ്ട ഇൻസ്റ്റിറ്റ്യൂട്ട് വാടക കെട്ടിടത്തിൽ തുടങ്ങുന്നതാണ്.

(സി) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല. ഘട്ടം ഘട്ടമായി 6 കോഴ്സുകൾ ആരംഭിക്കുന്നതിനും ഓരോ കോഴ്സിലും 30 പേർക്ക് പ്രവേശനം നൽകുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

(ഡി) ലഭ്യമായിട്ടില്ല. പ്രസ്തുത സംരംഭത്തിന് അന്തർദ്ദേശീയ നിലവാരമുള്ള ഏജൻസികളുടെ സാങ്കേതികോപദേശം സ്വീകരിക്കുന്നതാണ്.

സ്വകാര്യ ആശുപത്രി തൊഴിലാളികളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും സംരക്ഷിക്കൽ

12 [222] *ശ്രീ. കടവൂർ ശിവദാസൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് ആക്ടിലെ എല്ലാ വ്യവസ്ഥകളിൽ നിന്നും സ്വകാര്യ ആശുപത്രികളെ സ്ഥിരമായി ഒഴിവാക്കി നോട്ടിഫിക്കേഷൻ ഇറക്കിയതുവഴി സ്വകാര്യ ആശുപത്രി രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് നിയമ പ്രകാരം ലഭിച്ചുകൊണ്ടിരുന്ന തൊഴിലവകാശങ്ങളും ആനുകൂല്യങ്ങളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നോട്ടിഫിക്കേഷൻ പിൻവലിച്ച് തൊഴിലാളികളുടെ സങ്കടത്തിന് പരിഹാരം ഉണ്ടാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്വകാര്യ ആശുപത്രികളെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് നിയമത്തിലെ വ്യവസ്ഥകളിൽ നിന്ന് സ്ഥിരമായി ഒഴിവാക്കി നോട്ടിഫിക്കേഷൻ ഇറക്കിയിട്ടില്ല. 12-7-2002-ലെ ജി.ഒ.(ആർ. റ്റി.) 2019/2002/തൊഴിൽ നമ്പർ സർക്കാർ വിജ്ഞാപനപ്രകാരം സ്വകാര്യആശുപത്രികളെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് നിയമത്തിലെ വ്യവസ്ഥകളിൽ നിന്ന് രണ്ടു വർഷത്തേക്ക് താൽക്കാലികമായി മാത്രമാണ് ഒഴിവാക്കിയിരുന്നത്. ഈ കാലാവധി കഴിയുകയും ചെയ്തു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

15-7-2005-ലേക്ക് നിശ്ചയിച്ചിരുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മാവൂർ ഗ്വാളിയോർ റയോൺസിലെ കരാർ തൊഴിലാളികളുടെ സമരം ഒത്തുതീർപ്പിലെത്തിക്കാൻ നടപടി

13 [1294] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർഗ്വാളിയോർ റയോൺസിലെ കരാർ തൊഴിലാളികളുടെ സമരം ഒത്തുതീർപ്പാക്കുന്നതിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സമരംമൂലം ഇവിടത്തെ കരാർ തൊഴിലാളികൾ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സമരം ഒത്തുതീർപ്പിലെത്തിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) — (സി) ഗ്രാസിം കമ്പനി വക പൾപ് ഫൈബർ ഫാക്ടറികൾ മാനേജ്മന്റ് അടച്ചുപൂട്ടിയതിനെ തുടർന്ന് എന്റെ സാന്നിദ്ധ്യത്തിൽ ഒപ്പുവച്ച ഒത്തുതീർപ്പുവ്യവസ്ഥ അനുസരിച്ച് എല്ലാ സ്ഥിരം തൊഴിലാളികൾക്കും നഷ്ടപരിഹാരം നൽകി. അതിനുശേഷം പ്രസ്തുത ഫാക്ടറികളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന കാഷ്വൽ, കരാർ തൊഴിലാളികൾ തങ്ങൾക്കും നഷ്ട പരിഹാരവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കണമെന്ന് ആവശ്യപ്പെട്ട് 6 ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിൽ സമരപരിപാടികൾ ആരംഭിക്കുകയുണ്ടായി. ഈ വിഷയത്തിൽ തൊഴിൽ വകുപ്പ് ഇടപെട്ട് പ്രശ്നപരിഹാരത്തിന് 2002 ജൂലൈ മുതൽ

LIBRARY ARCHIVES Kerala Legislative Assembly